**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2073** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ഉപയോഗ ശൂന്യമായ ടാഗന്റ് ഫിലിം വാങ്ങിയതുമായി ബന്ധപ്പെട്ട പരാതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ടീം പ്രിന്റ് എന്ന സ്ഥാപനത്തെ സംബന്ധിച്ച വിഷയം 17.03.2025-ലെ നമ്പർ സിഡിറ്റ്/ ഒ.ഐ.പി.&എസ്.പി./ഡിഡി/ടീംപ്രിന്റ്/2025 കുറിപ്പ് പ്രകാരം ഹോളോഗ്രാം (ഒപ്റ്റിക്കൽ ഇമേജ് പ്രൊസസിംഗ്) യൂണിറ്റിന്റെ ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; പ്രസ്തുത കുറിപ്പിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ഭാവിയിൽ ടീം പ്രിന്റ് എന്ന സ്ഥാപനത്തെ ടാഗൻ്റ് ഫോയിൽ സപ്ളൈ ചെയ്യുന്നതിനുള്ള ടെണ്ടറുകളിൽ പങ്കെടുക്കുന്നതിൽ നിന്നും മാറ്റി നിർത്താൻ തീരുമാനിച്ചിട്ടുണ്ട്.

**(ബി)** ടീം പ്രിന്റ് എന്ന സ്ഥാപനത്തിൽ നിന്നും ഉപയോഗ ശൂന്യമായ ടാഗന്റ് ഫിലിം വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകളെക്കുറിച്ച് പരാതി ലഭിച്ചിരുന്നോ; പ്രസ്തുത പരാതിയിൽ എന്തു തുടർനടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. അധിക സ്റ്റോക്ക് സൂക്ഷിക്കുന്നതിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് താക്കീത് നൽകാൻ തീരുമാനിച്ചു. ഹോളോഗ്രാം ലേബൽ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശാസ്ത്രീയവും പ്രൊഫഷണലുമായ പഠനം നടത്തി തുടർനടപടികൾ സ്വീകരിക്കാനും വിദഗ്ധരുടെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**(സി)** 2016 മുതൽ സി-ഡിറ്റിൽ കോടികളുടെ ബിസിനസ്സ് ചെയ്തിട്ടുള്ള ടീം പ്രിന്റ് (എക്സ്/407 ഡി, നമ്പർ 69, കോൺവെന്റ് റോഡ്, മഞ്ഞുമ്മൽ പി.ഒ, കൊച്ചി - 638501) എന്ന പ്രൊപ്രൈറ്റർഷിപ്പ് സ്ഥാപനം ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇല്ല.

**(ഡി)** പ്രസ്തുത രജിസ്ട്രേഷൻ ഇല്ലെങ്കിൽ നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന ടീം പ്രിന്റ് എന്ന സ്ഥാപനം സി-ഡിറ്റിൽ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ സംശയാസ്പദമായ ഇടപാടുകളെക്കുറിച്ചു അന്വേഷിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** GST/VAT രജിസ്ട്രേഷൻ രേഖകളാണ് ടെൻഡറിൽ ആവശ്യപ്പെട്ടിരുന്നത്.

**(ഇ)** ടീം പ്രിന്റ് എന്ന സ്ഥാപനത്തിൽ നിന്നും 2016 മുതൽ നാളിതു വരെ എത്ര രൂപയുടെ പർച്ചേസ് സി-ഡിറ്റ് നടത്തിയിട്ടുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** 2016-2017 സാമ്പത്തിക വർഷം മുതൽ 2025-26 (11.08.2025) വരെ ടീം പ്രിന്റ് എന്ന സ്ഥാപനത്തിന് നൽകിയ ആകെ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| **Financial Year** | **Amount Paid** |
|---|---|
| 2016-17 | 1,37,94,114.00 |
| 2017-18 | 2,83,15,409.00 |
| 2018-19 | 54,05,390.00 |
| 2019-20 | 59,19,941.00 |
| 2020-21 | 40,25,740.00 |
| 2021-22 | 27,75,334.00 |
| 2022-23 | 71,25,186.00 |
| 2023-24 | 72,76,155.00 |
| 2024-25 | 58,33,095.00 |
| 2025-26 | 14,35,456.00 |

**സെക്ഷൻ ഓഫീസർ**